**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6315** **20.11.2019-ൽ മറുപടിക്ക്**

## അസംഘടിത മേഖലയിലുള്ള തൊഴിലാളികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ടി.ജെ. വിനോദ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ വിദഗ്ധ തൊഴിലാളികളുടെ ശതമാന കണക്ക് എത്രയാണ്; | (എ) | സംസ്ഥാനത്തെ വിദഗ്ധ തൊഴിലാളികളുടെ ശതമാന കണക്ക് പ്രത്യേകമായി ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലനം നൽകി വിദഗ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | തൊഴിലാളികൾക്ക് സ്കിൽ ഇംപ്രൂവ് ചെയ്യുന്നതിനു വേണ്ടി തൊഴിൽ വകുപ്പിനു കീഴിലുള്ള Kerala Academy for Skill Exellence-ന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| (സി) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷനും ആനുകൂല്യങ്ങൾക്കും ആധാർ നിർബന്ധമാക്കിയിട്ടുണ്ടോ;<br><br>(ഡി) ആധാർ ഇല്ലാത്തതിന്റെ പേരിൽ തൊഴിൽ രജിസ്ട്രേഷനും ആനുകൂല്യവും നിഷേധിക്കുന്ന നടപടി നീതീകരിക്കാവുന്നതാണോ; അറിയിക്കാമോ? | (സി) & (ഡി) | അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നടത്തുന്നതിനോ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനോ ആധാർ ഇതുവരെ നിർബന്ധമാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**